**പാഠം 1 : സഹായക ഉപകരണങ്ങൾ എന്നാൽ എന്ത്?**

- ഒരു വ്യക്തിയ്ക്ക് നന്നായി ചെയ്യാൻ കഴിയാത്തതോ ഒരിക്കലും ചെയ്യാൻ കഴിയാത്തതോ ആയ പ്രവർത്തികൾ ചെയ്യുന്നതിനായി വ്യക്തികൾ ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങളെ സഹായക ഉൽപ്പന്നങ്ങൾ എന്ന് പറയുന്നു.
- സഹായക ഉൽപ്പന്നങ്ങൾ കുട്ടികൾക്കും മുതിർന്നവർക്കും ഉപയോഗിക്കാൻ കഴിയും.
- ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിൽ, അതായത് ചിന്തിക്കുന്നതിന്, ആശയവിനിമയം നടത്തുന്നതിന്, കേൾക്കുന്നതിന്, കാണുന്നതിന്, സഞ്ചരിക്കുന്നതിന്, സ്വയം പരിചരണത്തിന് ആളുകളെ സഹായിക്കുന്നത്തിനായുള്ള വിവിധതരം സഹായക ഉപകരണങ്ങൾ ലഭ്യമാണ്.
- വ്യക്തികൾ അവരവരുടെ ആവശ്യകതക്കനുസരിച്ച് ഒന്നിലധികം സഹായക ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നു.

**പാഠം 2: സഹായക ഉൽപ്പന്നങ്ങൾ നൽകുന്നതിൽ ആരെല്ലാം ഉൾപ്പെട്ടിരിക്കുന്നു?**

- സഹായക ഉപകരണങ്ങൾ നൽകുന്നതിൽ നൽകുന്ന പ്രക്രിയയിൽ നിരവധി വ്യക്തികൾ ഉൾപ്പെട്ടിരിക്കുന്നു:
  - സഹായക ഉപകരണങ്ങൾ ആവശ്യമുള്ള വ്യക്തി
  - അവരുടെ കുടുംബാംഗങ്ങളും കൂട്ടുകാരും
  - സഹായക ഉൽപ്പന്ന സേവന സംവിധാനത്തിലേയ്ക്ക് വ്യക്തിയെ ശുപാർശ ചെയ്യുന്നയാൾ
  - പരിശീലനം സിദ്ധിച്ച സേവനദാതാക്കൾ
  - സമൂഹത്തിലെ മറ്റ് വ്യക്തികൾ

**പാഠം 3: സഹായക ഉൽപ്പന്നങ്ങൾ നൽകുന്നതെങ്ങനെ?**

4 ഘട്ടങ്ങളിൽ കൂടിയാണ് സഹായക ഉൽപ്പന്നങ്ങൾ നൽകുന്നത്:




- ഈ നാല് ഘട്ടങ്ങളിലൂടെ, ആളുകൾക്ക് സുരക്ഷിതവും അനുയോജ്യവുമായ ഉൽപ്പന്നങ്ങൾ നൽകി എന്നും: അവർക്ക് അതുപയോഗിക്കാൻ ആവശ്യമായ വൈദഗ്ദ്ധ്യമുണ്ട് എന്നും: ആ ഉൽപ്പന്നം ഇപ്പോഴും അവരുടെ ആവശ്യം നിറവേറ്റുന്നു എന്നും, ഉറപ്പാക്കുന്നതിനുള്ള പിന്തുണാ സംവിധാനം ലഭിക്കുന്നുണ്ട് എന്നും ഉറപ്പാക്കപ്പെടുന്നു.
- ഉൽപ്പന്നം ലഭിക്കുന്ന വ്യക്തി (അവരുടെ കുടുംബാംഗങ്ങളോ സഹായികളോ ഉൾപ്പെടെ) ഈ പ്രക്രിയയുടെ ഓരോ ഘട്ടത്തിലും സജീവമായി പങ്കെടുക്കുന്നു എന്നത് വളരെ പ്രാധാന്യമുള്ള സംഗതിയാണ്.

**പാഠം 4: സഹായക ഉപകരണ വിതരണ വ്യവസ്ഥയിലെ പരിഗണനകൾ**

- ചില സാഹായക ഉൽപ്പന്നങ്ങൾ നൽകുന്നതിന് വളരെയേറെ സമയം എടുക്കും. എന്നാൽ മറ്റ് ചിലത് വളരെ വേഗം നൽകാനാകും. ഇത് താഴെ പറയുന്ന ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു:
    - സഹായക ഉപകരണങ്ങളുടെ സങ്കീർണ്ണത
    - വ്യക്തിയുടെ ആവശ്യവും ആരോഗ്യസ്ഥിതിയും
    - ഒരു വ്യക്തി സഹായക ഉപകരണം ഉപയോഗിക്കേണ്ടി വരുന്ന ചുറ്റുപാട്
    - ഉപകരണം ഉപയോഗിക്കുന്നത്തിൽ ആ വ്യക്തി എത്രമാത്രം പരിചിതനാണ്.
- ശരിയായ സഹായക ഉപകരണമാണ് തെരഞ്ഞെടുത്തിട്ടുള്ളത് എങ്കിലും, ആവശ്യകതയനുസരിച്ച് അവ ഉപയോഗിക്കുന്നതിൽ വ്യക്തികൾ പലപ്പോഴും പ്രതിബന്ധങ്ങളെ അഭിമുഖീകരിക്കുന്നു. പ്രതിബന്ധങ്ങൾ ഇനിപറയുന്നവയാണ്:
    - അപ്രാപ്യമായ ഭൗതീക സാഹചര്യങ്ങൾ
    - സാമൂഹ്യ കളങ്കവും വിവേചനവും
    - ശരിയായ അറിവിന്റെ ലഭ്യതക്കുറവ്
    - ശരിയായ പിന്തുണാ നയങ്ങളുടേയും സേവനങ്ങളുടേയും അഭാവം
- സഹായക ഉപകരണങ്ങൾ ഉപയോഗിക്കുന്നവരെ സാമൂഹ്യമായി ഉൾച്ചേർക്കുന്നതിനും അവർക്ക് മറ്റുള്ളവർക്ക് തുല്യമായി ആവശ്യങ്ങൾ നിറവേറ്റുന്നതിനും ബന്ധപ്പെട്ട എവർക്കും ഒരു പങ്ക് വഹിക്കാനുണ്ട്.